(ബി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികളുടെ തിരക്ക് വർദ്ധിക്കുന്ന അവസരത്തിൽ ലോക്കൽ പോലീസിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

(ഡി) പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ നിലവിൽ ടൂറിസം പോലീസിന്റേയും ലോക്കൽ പോലീസിന്റേയും സേവനം ലഭ്യമാണ്. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സുരക്ഷാ ഗാർഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണം

21(*31) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നവീകരണ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) ഫയർ ഫോഴ്സ് വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളിൽ ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ഇ) ജോലിക്കിടെ അപകടത്തിൽപ്പെടുന്ന ഫയർഫോഴ്സ് ജീവനക്കാരെ സഹായിക്കുന്നതിനായി സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചുവടെ കൊടുത്തിരിക്കുന്ന അത്യന്താധുനിക വാഹനങ്ങളും ജീവൻരക്ഷാ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാട്ടർ ടെണ്ടർ, മിനി വാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബിഎ സെറ്റ്, ബിഎ. സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട്, വെൽ ലിഫ്റ്റ്, മോഡേൺ ബ്രാഞ്ച് പൈപ്പ്, റോപ്പ് ലാഡർ, ചെയിൻസാ, ഹൈഡ്രോളിക്

LIBRARY ARCHIVES Kerala Legislative Assembly

റെസ്ക്യൂ ടൂൾസ്, ഇൻഫ്ളാറ്റബിൾ എമർജൻസി ടവർ ലൈറ്റിംഗ് സിസ്റ്റം, പോർട്ടബിൾ പമ്പ്, ഫോം കോമ്പൗണ്ട് എന്നിവ വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രകൃതിദുരന്തമുണ്ടായാൽ ദുരന്ത നിവാരണ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റ് മുഖാന്തരം 10 കോടി രൂപ ഈ വകുപ്പിന് ലഭ്യമാക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങി വിവിധ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. [അനുബന്ധം (1)] തൃശൂർ നിലയത്തിൽ അത്യാവശ്യ സാമഗ്രികൾ വാങ്ങുന്നതിനായി 32.28 ലക്ഷം രൂപ ദുരിത നിവാരണ ഫണ്ടിൽ നിന്ന് അനുവദിച്ചു. ഇതുപ്രകാരം ഉപകരണങ്ങൾ വാങ്ങി തൃശൂർ നിലയത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. നടപ്പുവർഷം ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് 9.30 കോടി രൂപ പ്ലാൻ സ്കീമിൽ ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം രണ്ടിൽ* പറയുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വൺ ടൈം സെൻട്രൽ അസിസ്റ്റൻസ് ആയി 22.50 കോടി രൂപ ഈ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം-3ൽ* പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നടപ്പു വർഷം ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപ കൂടി അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് അനുബന്ധം-4*-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഫോർട്ട് കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് സ്കൂളിന് വിയ്യൂരിൽ 620 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയാക്കി 4-6-2007-ൽ പ്രവർത്തനം ആരംഭിച്ചു. 100 ലക്ഷം രൂപ ചെലവ് ചെയ്ത് സിമ്മിംഗ് പൂളിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ബി) അഗ്നിശമന സേനയെ കാലോചിതമായി നവീകരിക്കുന്നതിനായി ഒറ്റത്തവണ കേന്ദ്ര സഹായമായി 22.50 കോടി രൂപയും പതിനൊന്നാം പഞ്ചവൽസര പദ്ധതി പ്രകാരം 316 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിലേക്കായി, വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാഡമിയിൽ വിവിധയിനം കോഴ്സുകൾ നടത്തുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കൊട്ടാരക്കര (കൊല്ലം ജില്ല), ഇരിട്ടി (കണ്ണൂർ ജില്ല), കൊടുവള്ളി (കോഴിക്കോട് ജില്ല).

(ഇ) ജോലിക്കിടയിൽ അപകടത്തിൽപ്പെടുന്ന ജീവനക്കാരെ സഹായിക്കുന്നതിനായി പുതിയ വ്യവസ്ഥകൾ, നിർദ്ദിഷ്ട കരട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തി സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly